JANMABHUMI
9 December 2015

## അന്വേഷണം അതിന്റെ വഴിയെ

# മലബാർ സിമന്റ്സിൽ അഴിമതിക്ക് ശമനമില്ല

**ടി.എസ്. നീലാംബരൻ**

**തൃശൂർ:** കമ്പനി സെക്രട്ടറിയായിരുന്ന വി.ശശീന്ദ്രന്റേയും മക്കളുടേയും മരണത്തോടെ ഏറെ ജനശ്രദ്ധനേടിയ മലബാർ സിമന്റ്സിലെ അഴിമതികൾ ഇപ്പോഴും തുടരുന്നതായി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ റിപ്പോർട്ട്.

2012-2013ൽ നിയമാനുസൃതമല്ലാതെ കൽക്കരി ഇറക്കുമതി ചെയ്തതുവഴി കമ്പനിക്ക് 90.32 ലക്ഷം രൂപയുടെ നഷ്ടമുണ്ടായതായി സിഎജി കണ്ടെത്തിയിട്ടുണ്ട്. ഇതേ കാലയളവിൽ തമിഴ്നാട് മൈൻസ് ലിമിറ്റഡുമായി ലൈംസ്റ്റോൺ ഇറക്കുമതിക്ക് പന്ത്രണ്ട് മാസത്തേക്കുണ്ടാക്കിയ കരാർ കമ്പനിക്ക് 110 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടാക്കി. സിമന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ നിന്ന് ഇതേ കാലയളവിൽ ക്ലിങ്കർ വാങ്ങാനുള്ള തീരുമാനം 48.78ലക്ഷം രൂപയുടെ നഷ്ടമുണ്ടാക്കി. മെട്രിക് ടണ്ണിന് 2610 രൂപ എന്ന കൂടിയ നിരക്കിലാണ് കരാറുണ്ടാക്കിയത്. 2013 ഏപ്രിലിൽ കമ്പനി നാല്പതിനായിരം മെട്രിക് ടൺ കൽക്കരി ഇറക്കുമതി ചെയ്തതിൽ 48.32 ലക്ഷത്തിന്റെ നഷ്ടമുണ്ടായി.

2012-2013ൽ മേട്ടൂർ തെർമൽ പവർ സ്റ്റേഷനിൽ നിന്ന് ഫ്ളൈആഷ് എടുക്കാൻ ടാൻജെൻകോ എന്ന കമ്പനിയുമായി രണ്ടു വർഷത്തേക്കുണ്ടാക്കിയ കരാറും നഷ്ടത്തിലായി. കരാർ പ്രകാരം ടാൻജെൻകോയിൽ നിന്ന് 405 മെട്രിക് ടൺ ഫ്ളൈആഷ് പ്രതിദിനം വാങ്ങണം. ഇതിന് സാധിച്ചില്ലെങ്കിൽ മെട്രിക് ടണ്ണിന് 122 രൂപ നിരക്കിൽ നഷ്ടപരിഹാരം നൽകണം. മലബാർ സിമന്റ്സിന് കരാർ പാലിക്കാൻ കഴിയാതായതോടെ 20.5 ലക്ഷം രൂപ നഷ്ടപരിഹാരം ആവശ്യപ്പെട്ട് ടാൻജെൻകോ നിയമനടപടി സ്വീകരിച്ചു. ഫ്ളൈആഷ് സപ്ലൈ മുടങ്ങുകയും ചെയ്തു. സിമന്റ് നിർമാണത്തിന് അടിസ്ഥാന ഘടകമായ ഫ്ളൈആഷ് ലഭിക്കാതായതോടെ നിർമാണവും പ്രതിസന്ധിയിലായി. ഫ്ളൈആഷ് മെട്രിക് ടണ്ണിന് 510 രൂപ നിരക്കിൽ ധാരാളമായി ലഭ്യമാണെന്നിരിക്കെയാണ് ടാൻജെൻകോയുമായി 1037 രൂപ നിരക്കിൽ കമ്പനി കരാർ ഉണ്ടാക്കിയത്. ഈയിനത്തിൽ മാത്രം നഷ്ടം 12 കോടിയാണ്.

മലബാർ സിമന്റ്സിൽ നടക്കുന്ന പർച്ചേസുകളിലും വൻ അഴിമതിയാണ് ഇപ്പോഴും തുടരുന്നതെന്ന് സിഎജി റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നു. സാധനങ്ങൾ വാങ്ങുന്നതിന് പൊതുടെണ്ടർ നിർബന്ധമാണെന്നിരിക്കെ സപ്ലൈ കമ്പനികളുമായി ചില കമ്പനി ഉദ്യോഗസ്ഥർ യുഎഇയിൽ 2015 ജൂൺ 14ന് രഹസ്യയോഗം ചേർന്ന് കരാറുറപ്പിച്ചതായി കണ്ടെത്തിയിട്ടുണ്ട്. മലബാർ സിമന്റ്സ് ഉദ്യോഗസ്ഥർ നേരിട്ടാണ് ഈ യോഗം വിളിച്ചുചേർത്തത്.

സിമന്റ് നിർമാണത്തിന് ഏറ്റവും അടിസ്ഥാന ഘടകങ്ങളിലൊന്നാണ് ക്ലിങ്കർ. മലബാർ സിമന്റ്സിന്റെ വാളയാർ പ്ലാന്റിൽ ഉത്പാദിപ്പിക്കുന്ന ക്ലിങ്കർ കൊണ്ട് വാളയാറിലേയും ചേർത്തലയിലേയും പ്ലാന്റുകളിൽ സിമന്റ് ഉത്പാദനം പൂർണമായും നടന്നിരുന്ന ഒരു കാലമുണ്ടായിരുന്നു. എന്നാൽ ഇന്ന് ഇത് അസാദ്ധ്യമാണ്. 2014 ജൂലൈ 29ന് കമ്പനി മുപ്പതിനായിരം മെട്രിക് ടൺ ക്ലിങ്കർ ആവശ്യപ്പെട്ട് ടെണ്ടർ ക്ഷണിക്കുകയുണ്ടായി. എന്നാൽ പിന്നീട് ഈ ടെണ്ടർ നടപടിയിൽ പങ്കെടുത്ത മറ്റ് കമ്പനികളെയെല്ലാം ഒഴിവാക്കി ടിജാൻ ജനറൽ ട്രേഡിങ്ങ് എന്ന ഒരു കമ്പനിയുമായി ടെണ്ടർ ഉറപ്പിക്കുകയായിരുന്നു. ഈ കമ്പനി ക്ലിങ്കർ ഉത്പാദിപ്പിക്കുന്നതല്ല എന്ന് പിന്നീട് വ്യക്തമായി. ഇതേ സമയം കെഎസ്ഐഡിസിയുടെ ഡയറക്ടർമാരിൽ ഒരാളായ അമീർ അഹമ്മദിന്റെ ഉടമസ്ഥതയിലുള്ളതാണ് ഈ കമ്പനിയെന്നും വ്യക്തമായിട്ടുണ്ട്.